Santhigiri

# ഉമ്മിണിതങ്കം

VOL 02 | ISSUE 50 | 2016 ഒക്ടോബർ 16 | 1192 കന്നി 30

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org

തിരുവനന്തപുരം റൂറൽ

**ഗുരുവാണി**

"അനേകായിരം ജന്മങ്ങളായിട്ട് വലയം ചെയ്തിരിക്കുന്ന ജീവന്റെ പരിണാമമാണ് ഈ ശരീരം. ജീവനിലുള്ള പുണ്യക്കുറവ് ശരീരമെന്ന കർമത്തിൽ പലവിധത്തിലുള്ള വ്യാധികളായിട്ടാണ് നിലനില്ക്കുന്നത്. കർമവ്യാധികൾ നിവാരണം ചെയ്യുന്നത് കർമ്മത്തിലൂടെ പുണ്യം തേടിക്കുന്ന ധർമഗതിയിലൂടെയാണ്. "

# പ്രാർത്ഥനയുടെ നിറവിൽ ദീക്ഷാവാർഷികത്തിന് സമർപ്പണം

**സ്പിരിചൽ സോൺ :** ശാന്തിഗിരി ആശ്രമത്തിൽ മുപ്പത്തിരാമത് സന്ന്യാസ ദീക്ഷാ വാർഷികം ഭക്തിനിർഭരമായ ചടങ്ങുകളോടെ സമുചിതമായി ആഘോഷിച്ചു. സന്ന്യാസി സന്ന്യാസിനിമാരുടെയും ബ്രഹ്മചാരികളുടെയും ഗുരുഭക്തരുടെയും പ്രത്യേകമായ പ്രാർത്ഥനകളും പുഷ്പസമർപ്പണവും ദീപപ്രദക്ഷിണവുമായിരുന്നു വാർഷികദിനത്തിലെ പ്രധാന ചടങ്ങുകൾ. ആഘോഷങ്ങളുടെ ഭാഗമായി സന്ന്യാസിസന്ന്യാസിനിമാർക്ക് വസ്ത്രങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും വിശ്വാസികളുടെ സമർപ്പണമായി നല്കുകയുണ്ടായി. ഏതാനും കുരുന്നുകളുടെ എഴുത്തിനിരുത്തൽ ചടങ്ങും നടന്നു.

ഗുരുവിന്റെ നവതി ആഘോഷവേളയിലെ ദീക്ഷാ വാർഷിക ആഘോഷമായതിനാൽ കേരളത്തിലെമ്പാടു നിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും നിന്നായി ആയിരക്കണക്കിന് ഗുരുഭക്തർ ആശ്രമത്തിൽ എത്തിച്ചേർന്നിരുന്നു. വ്രതശുദ്ധിയുടെ നിറവോടെ ശുഭ്രവസ്ത്രധാരികളായി എത്തിയ ഭക്തസഹസ്രങ്ങൾ ചടങ്ങുകളിൽ ആദ്യാവസാനം പ്രാർത്ഥനാപൂർവ്വം പങ്കെടുത്തു.

ഉച്ചതിരിഞ്ഞ് നടന്ന ദീക്ഷാ വാർഷിക സമ്മേളനം വൈദ്യുതി-ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. സനാതന സംസ്കാരത്തിന്റെയും ഭാരതീയമായ കാഴ്ചപ്പാടുകളുടെയും സമകാലീനവും സ്വതന്ത്രവുമായ ആവിഷ്കരണമാണ് ശാന്തിഗിരിയിലെ സന്ന്യാസത്തിലൂടെ നടപ്പാകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സന്ന്യാസത്തിന്റെ മതചിഹ്നങ്ങൾ ശാന്തിഗിരി അടയാളപ്പെടുത്തുന്നില്ലെന്നതാണ്പുരോഗമന ചിന്താഗതിക്കാരായവർക്കും ആശ്രമത്തോട് ആഭിമുഖ്യം തോന്നാനുള്ള കാരണം. സന്ന്യാസത്തിന്റെ ആചാരപരമായ നിഷ്ഠകളെക്കാളേക്കാൾ ഉപരി മനുഷ്യനെ സ്നേഹിക്കുക എന്ന വിശാല കാഴ്ചപ്പാട് കൂടി ആശ്രമം മുന്നോട്ടുവയ്ക്കുന്നു. ആധുനികതയുടെ ആസുരലോകത്ത് ശാന്തിഗിരിയിലെ ഗുരുവിന്റെ സന്ദേശം ദിവ്യമാണെന്നും മന്ത്രി പറഞ്ഞു.

ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ എഴുത്തുകാരനും ഭാഷാശാസ്ത്രജ്ഞനുമായ പത്മശ്രീ ഡോ.വെള്ളായണി അർജുനനെ ആദരിച്ചു. റഷ്യൻ ഓണററി കോൺസൽ രതീഷ് സി.നായർ, മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത, ജില്ലാ പഞ്ചായത്ത് അംഗം അഡ്വ.എസ്.എം. റാസി, ഗ്രാമപഞ്ചായത്ത് അംഗം എം. ബാലമുരളി, ഇ.എ. സലിം, ഷോഫി, അഡ്വ. എസ്. അജിത്കുമാർ, എസ്.ആർ. കൃഷ്ണകുമാർ, സബീർ തിരുമല, വാവറമ്പലം സുരേന്ദ്രൻ, ആർ. ഗോപാലകൃഷ്ണൻ, ഡോ. കിഷോർ രാജ്, ടി.ആർ. സത്യൻ, ജി. സുരേന്ദ്രൻ പിള്ള, എം. ചന്ദ്രൻ, എസ്. പത്മജകുമാരി, എൻ.പി. വേണുഗോപാൽ തുടങ്ങിയവരും സംസാരിച്ചു.



*സന്ന്യാസദീക്ഷാ വാർഷികദിനത്തിൽ ആശ്രമത്തിൽ നടന്ന സന്ന്യാസിമാരുടെ ദീപം പ്രദക്ഷിണം*

വൈകുന്നേരം സന്ന്യാസി സന്ന്യാസിനിമാരുടെ നേതൃത്വത്തിൽ ആശ്രമസമുച്ചയം വലംവച്ചു നടന്ന ദീപപ്രദക്ഷിണത്തിൽ ബ്രഹ്മചാരി ബ്രഹ്മചാരിണിമാരും ഗുരുകുലബ്രഹ്മനിവേദിതരായ കുട്ടികളും പങ്കെടുത്തു. ഗുരുനാമമന്ത്രങ്ങളാൽ മുഖരിതമായ സായംസന്ധ്യയിൽ നടന്ന ഭക്തിസാന്ദ്രമായ ദീപപ്രദക്ഷിണം ഗുരുഭക്തർക്കും വിശ്വാസികൾക്കും ആത്മഹർഷത്തിന്റെ നവധന്യത പകർന്നു. രാത്രി പത്തുമണിക്ക് ശാന്തിഗിരി വിശ്വസംസ്കൃതി കലാരംഗം അവതരിപ്പിച്ച 'ജന്മാന്തരങ്ങൾ' എന്ന സാമൂഹ്യനാടകവും അരങ്ങേറി.

പത്തു ദിവസത്തെ വ്രതാചരണത്തിന്റെ പൂർണതയിലാണ് ആശ്രമത്തിൽ സന്ന്യാസദീക്ഷാ വാർഷികം ആഘോഷിച്ചത്. ഇതിന്റെ ഭാഗമായി ഒൻപത് ദിവസത്തെ നവരാത്രി സത്സംഗങ്ങളും നടന്നു. സ്വാമി സന്ദീപാനന്ദഗിരി, ഡോ. ജോർജ് ഓണക്കൂർ, ആലങ്കോട് ലീലാകൃഷ്ണൻ, ഡോ. എം.എം. ബഷീർ, ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ, എ.എ. റഹീം തുടങ്ങിയ പ്രമുഖരാണ് വിവിധ ദിവസങ്ങളിലെ സത് സംഗങ്ങളിൽ മുഖ്യപ്രഭാഷണം നടത്തിയത്. സത്സംഗങ്ങളിൽ നിരവധി ഗുരുഭക്തരും പങ്കെടുക്കുകയുണ്ടായി. വ്രതദിവസങ്ങളിൽ സന്ന്യാസിസന്ന്യാസിനിമാർക്ക് ആഹാരം പകർന്നു കൊടുക്കുന്നതിനും ആത്മബന്ധുക്കളുടെ വലിയ തിരക്ക് അനുഭവപ്പെട്ടു.

## ആശ്രമം ഡയറക്ടർ ബോർഡ് തുടരും

**സ്പിരിചൽ സോൺ:** നിലവിലുള്ള ആശ്രമം ഡയറക്ടർ ബോർഡ് അംഗങ്ങൾ മാറ്റമില്ലാതെ തുടരും. ആശ്രമം പ്രസിഡന്റ് സർവാദരണീയ സ്വാമി സത്യപ്രകാശ ജ്ഞാനതപസ്വി, വൈസ് പ്രസിഡന്റ് സർവാദരണീയ സ്വാമി പരിപൂർണ ജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സർവാദരണീയ സ്വാമി ചൈതന്യ ജ്ഞാനതപസ്വി, ഓർഗനൈസിംഗ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി, ഫിനാൻസ് സെക്രട്ടറി സർവാദരണീയ ജനനി നിർമല ജ്ഞാനതപസ്വിനി, ജോയിന്റ് സെക്രട്ടറി സർവാദരണീയ സ്വാമി ഗുരുമിത്രൻ ജ്ഞാനതപസ്വി, ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) സർവാദരണീയ ജനനി പ്രതിഭ ജ്ഞാനതപസ്വിനി, ഡയറക്ടർ (ടെക്നിക്കൽ) സർവാദരണീയ സ്വാമി നവനന്മ ജ്ഞാനതപസ്വി, ഡയറക്ടർ (കോഡിനേഷൻ) സർവാദരണീയ ജനനി ഋഷിരത്ന ജ്ഞാനതപസ്വിനി, ഡയറക്ടർ (സർവീസസ്) സർവാദരണീയ സ്വാമി മഹിതൻ ജ്ഞാനതപസ്വി എന്നിവരാണ് ഡയറക്ടർ ബോർഡ് അംഗങ്ങൾ.

## പുതിയ ചുമതലക്കാർ

**സ്പിരിചൽ സോൺ:** ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ ചുമതലകൾ പുന:ക്രമീകരിച്ചു. ഒക്ടോബർ 12 ന് ചേർന്ന ആശ്രമം ഡയറക്ടർ ബോർഡ് യോഗമാണ് പുതിയ ചുമതലകൾ നിശ്ചയിച്ചത്. ഡിപ്പാർട്ട്മെന്റ്, ഡിവിഷൻ, യൂണിറ്റ്, സോണൽ, റീജിയണൽ, ഏരിയ ചുമതലക്കാരെയാണ് പുതിയതായി നിയമിച്ചത്. വൈകുന്നേരം നടന്ന ഗുരുധർമപ്രകാശസഭ യോഗത്തിൽ പുതിയ ലിസ്റ്റ് അവതരിപ്പിക്കുകയുണ്ടായി. പുതിയ ചുമതലക്കാരുടെ പേരുവിവരങ്ങൾ 3, 4 പേജുകളിൽ.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

ശ്രീകൃഷ്ണൻ കുട്ടിക്കാലത്ത് സാന്ദീപനി മഹർഷിയുടെ ആശ്രമത്തിൽ സേവനം ചെയ്തിട്ടുണ്ട്. കാട്ടിൽ നിന്ന് വിറകു സംഭരിച്ചുകൊണ്ടു വരിക, വെള്ളം കോരുക അങ്ങനെ എന്തെല്ലാം സേവനങ്ങൾ! ഒരു ദിവസം കാട്ടിൽ വഴി അറിയാതെ വലഞ്ഞു. മഴയും വന്നു. എന്തു ചെയ്യും? ഇങ്ങനെയൊക്കെ കഷ്ടപ്പെട്ട കഥ ശ്രീകൃഷ്ണചരിത്രത്തിൽ തന്നെയുണ്ട്.

ഇതൊക്കെ അക്കാലത്തെ കഥകൾ. ഇന്നത്തെക്കാലം അതല്ല. ഇന്നത്തെ ആശ്രമസ്വഭാവവും അതല്ല. ഇന്നത്തെ ആശ്രമസ്വഭാവത്തിനനുസരിച്ച് സേവനം ചെയ്യണം. അങ്ങനെ കണ്ടും അറിഞ്ഞും പ്രവർത്തിച്ചും എടുക്കാനുള്ള ഒരു ധർമ്മബോധം നമ്മുടേതായിട്ടുണ്ടാകണം. അപ്പോൾ പുരാണേതിഹാസങ്ങളിൽ നിന്നും നാം പഠിച്ച കഥകളിൽ നിന്ന് വ്യത്യസ്തമായ ഒരു കാഴ്ചപ്പാട് നമുക്കുണ്ടാകും. ആ അനുഭവങ്ങളിലൂടെ നമ്മുടെ ആത്മാവ് ശക്തിയാർജ്ജിച്ച് കരുത്തുറ്റതാകും. അങ്ങനെ ആത്മാവ് കരുത്തുറ്റതാകുമ്പോൾ ജീവിതത്തിൽ ഒരുപാട് സഫലതകൾ വന്നുചേരും. അപ്പോൾ താനും ഗുരുവും മാത്രമെന്ന ഭാവന വന്നുചേരും. ഇത് വളരെ ഉന്നതമായ അവസ്ഥയാണ്. അങ്ങനെയൊരു അവസ്ഥയിൽ എത്തിച്ചേരാൻ വിധികല്പിതമായ കാലമാണ് കലി. ഇങ്ങനെയുള്ള കാലത്ത് ഇങ്ങനെയുള്ള ഗുരുവിനോടൊപ്പം ജനിക്കാൻ അവസരമുണ്ടായത് വളരെ വലിയ ഭാഗ്യമാണ്. ഈ ഭാഗ്യത്തെ നമ്മൾ സൂക്ഷിച്ചെടുക്കുകയാണെങ്കിൽ മൂന്നു തലമുറകൊണ്ട് ലോകത്ത് ഇന്നു കാണുന്ന എല്ലാ അറിവില്ലായ്മയും മാറിയിട്ട് സ്നേഹവും സത്യവും എന്തെന്ന് ഭരണകൂടം തന്നെ പഠിപ്പിക്കുന്ന സ്ഥിതി വന്നുചേരും. അതായത് നമ്മുടെ തലമുറ വളർന്നെത്തി, അതിന്റെ അടുത്ത തലമുറ വളർന്നെത്തി, അതിന്റെയും അടുത്ത തലമുറ വളർന്നെത്തുമ്പോഴാണ് അതു സംഭവിക്കാൻ പോകുന്നത്. അല്ലാതെ നമ്മളിതൊക്കെ കണ്ടു, എല്ലാം ശരിയായി എന്നൊന്നും ധരിക്കരുത്. പക്ഷെ ഇതൊക്കെ കണ്ടുപോയിട്ട് വീണ്ടും വരുന്നത് ഈ അവസ്ഥയിലായിരിക്കും. അങ്ങനെയൊരു ഭാഗ്യം വരാനുണ്ടായ കാരണം ഗുരുവിനെ കാണാനുണ്ടായ കാര്യമാണ്.

ഇതാണ് ദൈവകാരുണ്യവും ദൈവത്തിന്റെ സ്നേഹവും കിട്ടാനുള്ള വഴി. നമ്മുടെ അച്ഛനോടും അമ്മയോടും അയൽപക്കക്കാരോടും സമസൃഷ്ടങ്ങളോടുമൊക്കെ കാണിക്കുന്ന സ്നേഹവും ആദരവും ദൈവത്തോട് കാണിക്കുന്ന സ്നേഹവും ആദരവുമായി കരുതുക. അല്ലാതെ മനുഷ്യരോട് കാണിക്കുന്നതാണെന്നല്ല കരുതേണ്ടത്. ദൈവം നമുക്കു തന്ന സ്നേഹം നമ്മൾ മനുഷ്യർക്ക് കൊടുക്കുകയാണ്. അപ്പോൾ അവർ ആ സ്നേഹം തന്നെ തിരിച്ചുതരും. ദൈവം നേരിട്ട് നമ്മുടെ ജീവനിൽ പകർന്നു തരുന്ന സംഗതിയുണ്ട്. അത് ഇതൊന്നുമല്ല. അതു വേറെയാണ്.

ഈ സ്നേഹപാരമ്പര്യം നമ്മൾ എങ്ങനെയാണ് ശീലിക്കുക. ദൈവത്തെ എന്നപോലെ മനുഷ്യരെ സ്നേഹിക്കുക. മനുഷ്യരെ സ്നേഹിക്കുമ്പോൾ ജാതി, മതം, വർഗം, വലുത്, ചെറുത് ഇതൊന്നും നോക്കരുത്. എന്നാൽ ധർമത്തെ നോക്കേണ്ടതുണ്ട്. ആ ധർമം കാലം കൊണ്ട് ഗുരുവിന്റെ അടുത്തുനിന്ന് പഠിക്കാനാവും.

### വചനദീപ്തി

"പുരുഷാകൃതിപൂണ്ട ദൈവമോ
നരദിവ്യാകൃതിപൂണ്ട ധർമ്മമോ
പരമേശ പവിത്രപുത്രനോ
കരുണാവാൻ നബി മുത്തുരത്നമോ"

ശ്രീനാരായണഗുരു (അനുകമ്പാദശകം)

### സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2016 ഒക്ടോബർ 16 മുതൽ 22 വരെ*

| | |
|---|---|
| **ഞായർ** | **- ശാന്തിഗിരി ജങ്ഷൻ** |
| **തിങ്കൾ** | **- ലക്ഷ്മിപുരം** |
| **ചൊവ്വ** | **- ആനന്ദപുരം** |
| **ബുധൻ** | **- ജനസേവികപുരം** |
| **വ്യാഴം** | **- രത്നഗിരി** |
| **വെള്ളി** | **- സ്നേഹപുരം** |
| **ശനി** | **- കാഞ്ഞാംപാറ** |

### യാമപ്രാർത്ഥന

*2016 ഒക്ടോബർ 20 വ്യാഴം*

**ജ്യോതിപുരം, സ്നേഹപുരം, കാഞ്ഞാംപാറ**

## ശാന്തിഗിരിയുടെ നവവിമോചന ധർമവീഥി

ഗുരുവിന്റെ സ്നേഹം ഉപമയ്ക്കും ഉപമാനത്തിനും അപ്പുറത്തുള്ള ചൈതന്യപ്രസരത്താൽ തിങ്ങിവിങ്ങി നില്ക്കുന്ന ജ്യോതിസ്സാണ്. അത് അനുകരിക്കാനാവാത്ത സാന്ദ്രഭാവമായി, കാലദേശങ്ങൾക്കതീതമായി ഒഴുകിയൊഴുകി പോകുന്നു. അനാദിയായ അനുഭൂതികൾ ആ നിയോഗദീപ്തിയിൽ ഉറവ കൂടിക്കിടപ്പുണ്ട്. അതിൽ നിന്നു വിന്യസിക്കുന്ന പ്രകാശപ്പടവുകൾ അന്യാദൃശ്യവും അതീവസാന്ദ്രവുമാണ്. ഒരേ സമയം ഭയങ്കരത്വം ജനിപ്പിക്കുന്നതും നവദൃശ്യങ്ങളുതിരുന്നതുമായ ഉണ്മയാണത്. അത് ഏതൊരു ഭാവകല്പനകളുടെയും സ്രോതസ്സായി നില്ക്കുന്നു. ആദിവേദത്തിൽ സന്നിഭം ചെയ്യുന്ന സിദ്ധാന്തപ്പൊരുളായ അനുഭവമായി നില്ക്കുന്നു.

ധർമസ്വരൂപമായ സാക്ഷിയായി ഗുരു സമസ്തജീവനിലും ആഴ്ന്നിറങ്ങിയിരിക്കുന്നു. എക്കാലവും അത് ദർശന നിയന്താവായി സകലതിനും മോചനമാർഗമരുളുന്നു. ഈ സത്യം ലോകത്ത് വിളമ്പുകയും വിളിച്ചറിയുകയും ചെയ്യുകയാണ് നമ്മുടെ കടമ. ബഹുവിധമായി പരിണമിക്കുന്ന ജീവാത്മ -പരമാത്മ രഹസ്യത്തിന്റെ സമുദ്രസദൃശ്യമായ ധാരയിൽ നീന്തിക്കടന്നുപോകുന്നു. അനുഭവത്തിന്റെ ആനന്ദക്കടലായി മാറുന്ന സ്ഫടികസദൃശമായ ആ സ്ഥൂല സൂക്ഷ്മാവസ്ഥകൾ -ഗുരുവിന്റെ ഒരു പ്രയോഗമുണ്ട്, കരുതൽ- അതിന്റെ അർത്ഥവിതാനത്തിൽ ആനന്ദസായൂജ്യം മൊത്തമായി ഒരുങ്ങി നില്ക്കുന്നു. ആ സായൂജ്യത്തെ മണത്തും രുചിച്ചും സ്പർശിച്ചും അറിയുന്ന സ്വയംഭൂവായ സത്തയും സത്യവും ചിന്താതീതമായ പ്രതീകവുമാണ് ശാന്തിഗിരിയുടെ നവവിമോചന ധർമവീഥിയുടെ ആധാരശില!

എന്റെ പ്രാർത്ഥന ഇതാണ്: ലോകത്തിന്റെ നവവിമോചന കർമധർമകാണ്ഡങ്ങളുടെ ഇരിപ്പിടമായിത്തീരുന്നതിന് വേണ്ടി നീയാകുന്ന ബ്രഹ്മനിയോഗം കനിവാർന്ന് സദാ ഞങ്ങളോടൊപ്പമുണ്ടായിരിക്കേണമെ!

*(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ- അഭിവന്ദ്യ ശിഷ്യപൂജിതയുടെ ലേഖനത്തിൽ നിന്ന്)*

## ധന്യതയുടെ ഉദാരതയിലേക്കുയരുന്ന സ്നേഹാർപ്പണം



പ്രവാചകന്മാരും ഋഷികളും ഗുരുക്കന്മാരും കാലാകാലങ്ങളിൽ ദാനധർമ്മത്തെ തത്ത്വവിചാരം ചെയ്തിട്ടുണ്ട്. അവയിലെല്ലാം ചില സാദൃശ്യങ്ങൾ കാണാമെങ്കിലും വ്യത്യസ്തതകളാണ് ഏറെയുള്ളത്. വരവിന്റെ നിശ്ചിതഭാഗം ദാനധർമത്തിനായി നീക്കിവയ്ക്കണമെന്ന് മതാചാര്യന്മാർ നിർദ്ദേശിക്കുന്നു. പത്തിലൊന്ന്, ഏഴിലൊന്ന് എന്നിങ്ങനെ വിവിധ അനുപാതക്രമത്തിലാണ് ആ നിർദ്ദേശങ്ങൾ.

കർമ്മശാസ്ത്രപരമായി പരിശോധിക്കുമ്പോൾ ദാനധർമ്മം നന്മയാർജ്ജിക്കാനുള്ള ഉപാധിയാണ്. ചിലപ്പോൾ ദാനധർമ്മവ്യവസ്ഥ സങ്കീർണ്ണമായ പ്രശ്നങ്ങൾ ഉളവാക്കാറുണ്ട്. ദാനം എന്നു കരുതി അയോഗ്യർക്കു നല്കുമ്പോൾ നന്മ ലഭിക്കുന്നില്ല എന്നു മാത്രമല്ല ആർജ്ജിത പുണ്യം ചോർന്നുപോകാനും ഇടയുണ്ട്. ഇതു പൊതുവെ ആർക്കും അറിവുള്ളതല്ല. അതായത് ദാനം വാങ്ങുന്നവൻ ഭാഗ്യദോഷിയോ പാപിയോ ആണെങ്കിൽ ആ പാപത്തിലൊരു ഭാഗം ദാതാവിൽ വന്നു ചേരുന്നു. അതിനാൽ ദാനം അർപ്പിക്കേണ്ടത് ശ്രദ്ധാപൂർവമായിരിക്കണം.

ദാനം ധന്യനു നല്കണം. ധന്യൻ എന്നാൽ ആത്മജ്ഞാനി. ഈ വിഷയത്തിൽ ഗുരു നമുക്കു നല്കിയ അറിവിന്റെ വെളിച്ചമായിരിക്കണം നമുക്കു വഴിവിളക്കായി പ്രകാശിക്കേണ്ടത്. ശാന്തിഗിരി അതിബൃഹത്തായ ഒരു ധർമസാമ്രാജ്യമാണ്. അതിൽ സമസ്ത കർമങ്ങളും നവീകരിക്കപ്പെടുന്നു, പവിത്രീകരിക്കപ്പെടുന്നു. കർമവാസനകളുടെ സന്മാർഗീകരണം നടക്കുന്നു. ഉലകകർമങ്ങൾക്കായി നന്മയുടെ ലക്ഷ്യം ഉറപ്പിക്കപ്പെടുന്നു. ഇതു ലാഭനഷ്ടങ്ങളുടെ സർവസാധാരണമായ കൂട്ടിക്കിഴിക്കലുകളല്ല. കാലാതീത ഗുരുവിന്റെ ജ്ഞാനപ്രോക്തമായ ധർമപ്രബോധനമാണ്.

പരമ്പരയിലെ ഓരോ വ്യക്തിയും കുടുംബവും കൂട്ടായ്മകളും ഈ ധർമവ്യവസ്ഥയാണ് അംഗീകരിച്ചിട്ടുള്ളത്. ദാനധർമ്മബോധത്തിൽ മാനവരാശിക്കു മൊത്തം ഇതു മാതൃകയാക്കാവുന്നതാണ്. ദാനം അർപ്പിക്കേണ്ടത് ഗുരുവിങ്കലാണ്. അതിനാൽ ധന്യതയുടെ ഉദാരതയിലേക്കുയരുന്ന നമ്മുടെ സ്നേഹാർപ്പണത്തിൽ ദാനധർമ്മം അടിസ്ഥാനഘടകമായിരിക്കട്ടെ. ഗുരു നമ്മെ ഏല്പിച്ചുതന്നിരിക്കുന്ന ശാന്തിഗിരി പ്രസ്ഥാനത്തിന്റെ സമൃദ്ധി നമ്മുടെ വ്യക്തിപരവും കൂട്ടായുമുള്ള സങ്കല്പത്തിനും പ്രാർത്ഥനയ്ക്കും സദാ വിഷയമായിത്തീരട്ടെ.

### 'ലേഖനങ്ങൾ അയയ്ക്കാം'

**ഹെൽത്ത്കെയർ സോൺ :** ആദ്ധ്യാത്മിക മാസികയിലേക്ക് ലേഖനങ്ങൾ, അനുഭവക്കുറിപ്പുകൾ, കവിതകൾ, ചിത്രങ്ങൾ എന്നിവ അയക്കാവുന്നതാണ്. കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിലേക്കാണ് സൃഷ്ടികൾ അയക്കേണ്ടത്. അയക്കേണ്ട വിലാസം: എഡിറ്റർ, കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ്, ശാന്തിഗിരി ആശ്രമം, ശാന്തിഗിരി പി.ഒ. ഇ മെയിൽ: comm@santhigiriashram.org ഫോൺ: 8111882134. എഡിറ്റോറിയൽ ബോർഡ് തെരഞ്ഞെടുക്കുന്നവ മാത്രമെ പ്രസിദ്ധീകരിക്കുകയുള്ളൂ.

# ഗുരുധർമ്മപ്രകാശസഭ അംഗങ്ങൾ - പുതിയ ചുമതല

| പേര് | പുതിയ ചുമതല |
|---|---|
| സ്വാമി ധർമ്മാനന്ദ ജ്ഞാനതപസ്വി | ഹെഡ് ( അഡ്മിനിസ്ട്രേഷൻ) ജനറൽ അഡ്മിനി സ്ട്രേഷൻ - സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി | ഹെഡ് ( അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ചെന്നൈ റീജിയൺ, അഡീഷണൽ ചാർജ് - പോണ്ടിച്ചേരി റീജിയൺ |
| സ്വാമി സത്പ്രഭ ജ്ഞാനതപസ്വി | ഹെഡ് ( അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കുമളി ബ്രാഞ്ച് |
| സ്വാമി നവകൃപ ജ്ഞാനതപസ്വി | ഹെഡ് ( അഡ്മിനിസ്ട്രേഷൻ) ഇൻഡസ്ട്രീസ്, അഡീഷണൽ ചാർജ് - അഗ്രികൾച്ചർ, പ്ലാനിംഗ് ആന്റ് ഡവലപ്പ്മെന്റ് |
| ഡോ. സ്വാമി ഗുരുധർമ്മ ജ്ഞാനതപസ്വി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ |
| സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) എജ്യൂക്കേഷൻ |
| സ്വാമി പുഷ്കരൻ ജ്ഞാനതപസ്വി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| സ്വാമി വിശ്വബോധ ജ്ഞാനതപസ്വി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ഓപ്പറേഷൻസ് |
| ജനനി സൗമ്യ ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) ഗുരുദർശനം, സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി സുപഥ ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ആർട്സ് ആന്റ് കൾച്ചർ, അഡീഷണൽ ചാർജ് - (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി അജയ ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി വിമല ജ്ഞാനതപസ്വിനി | ഹെഡ് (കോഡിനേഷൻ) ഇൻഡസ്ട്രീസ് |
| ജനനി അനസൂയ ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി പ്രജ്ഞ ജ്ഞാനതപസ്വിനി | ഹെഡ് (കോഡിനേഷൻ) ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ, അഡീഷണൽ ചാർജ് - ശാന്തിഗിരി ഹാന്റ്ലൂം ആന്റ് വീവിംഗ് ഇൻഡസ്ട്രീസ് |
| ജനനി ധീര ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൂക്കുപാലം ഏരിയ |
| ജനനി വിജയ ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ചേർത്തല ഏരിയ |
| ജനനി സാത്വിക ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി കരുണ ജ്ഞാനതപസ്വിനി | ഹെഡ് (വെൽഫെയർ സർവ്വീസസ്) ഹ്യൂമൻ റിസോഴ്സസ് |
| ജനനി അഭയ ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) ശാന്തിഗിരി ആശ്രമം,കോഴിക്കോട് ഏരിയ (സിറ്റി) |
| ജനനി സാത്വിക അമല ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി സംതൃപ്ത ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി അഭേദ ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, എറണാകുളം ഏരിയ (സിറ്റി) |
| ജനനി അതിമായ ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി അനവദ്യ ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ് |
| ജനനി ദിവ്യ ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ഹ്യൂമൻ റിസോഴ്സസ്, അഡീഷണൽ ചാർജ് - ജനറൽ അഡ്മിനി സ്ട്രേഷൻ, മാർക്കറ്റിംഗ്, കമ്മ്യൂണിക്കേഷൻസ് |
| ഡോ. ജനനി നിശ്ചിത ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ, അഡീ ഷണൽ ചാർജ് - സ്പിരിചൽസോൺ ഓപ്പറേഷൻ സ്, മാനേജർ ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് |
| ജനനി പൂജ ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കോഴിക്കോട് ഏരിയ (സിറ്റി) |
| ജനനി കൽപന ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പാലക്കാട് ഏരിയ, അഡീഷണൽ ചാർജ് - മാനേ ജർ, ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് |
| ജനനി ആദിത്യ ജ്ഞാനതപസ്വിനി | ഹെഡ് (അഡ്മിനിസ്ട്രേഷൻ) മെറ്റീരിയൽസ് മാനേജ്മെന്റ് |
| ജനനി നന്മപ്രിയ ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ്, അഡീഷണൽ ചാർജ് - ശാന്തിഗിരി വിദ്യാഭവൻ സീനിയർസെക്കന്ററി സ്കൂൾ ഗേൾസ് ഹോസ്റ്റൽ |
| ജനനി നവപ്രിയ ജ്ഞാനതപസ്വിനി | ഹെഡ് (സർവ്വീസസ്) സ്പിരിചൽസോൺ ഓപ്പറേഷൻസ്, അഡീഷണൽ ചാർജ് - ശാന്തിഗിരി രക്ഷാകർതൃസമിതി |
| സ്വാമി തനിമോഹനൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൃശ്ശൂർ ഏരിയ |
| സ്വാമി ജയദീപ്ത ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൃഷ്ണഗിരി ബ്രാഞ്ച് |
| ഡോ. സ്വാമി ഭാനുപ്ര കാശ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മെഡിക്കൽ സർവീസസ് - ഹോമിയോ, അഡീ ഷണൽ ചാർജ് - (വെൽഫെയർ സർവ്വീസസ്) ഹ്യൂമൻ റിസോഴ്സസ് |
| സ്വാമി ഭക്തദത്തൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ബംഗലൂരു റീജിയൺ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, ഗോവ റീജിയൺ |
| സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഓഫീസ് ഓഫ് ദി ജനറൽ സെക്രട്ടറി |
| സ്വാമി ജനനന്മ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഇന്റർനാഷണൽ ഓപ്പറേഷൻസ്, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, അഹമ്മദാബാദ് റീ ജിയൺ, ശാന്തിഗിരി ആശ്രമം, ബറോഡ റീജിയൺ, ശാന്തിഗിരി ആശ്രമം, ഛത്തീസ്ഗഡ് റീജിയൺ |
| സ്വാമി മധുശ്രീ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, മലപ്പുറം ഏരിയ |
| സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി | പ്രിൻസിപ്പൽ, ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ, ഇൻചാർജ് (അഡ്മിനിസ്ട്രേ ഷൻ) പ്രോജക്ട്സ്, അഡീഷണൽ ചാർജ് - ആർട്സ് ആന്റ് കൾച്ചർ, ശാന്തിഗിരി ആശ്രമം, ഹൈദരാബാദ് റീജിയൺ, ശാന്തിഗിരി ആശ്രമം, മുംബൈ റീജിയൺ |
| സ്വാമി ശരണ്യപ്രകാശ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കോട്ടയം ഏരിയ |
| സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈ സേഷൻ, അഡീഷണൽ ചാർജ് - എസ്റ്റേറ്റ് ആന്റ് അസറ്റ്സ്, തിരുവനന്തപുരം ഏരിയ (റൂറൽ) |
| സ്വാമി മധുരനാദൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ഏരിയ, അഡീഷണൽ ചാർജ് - വൈക്കം ഏരിയ |
| സ്വാമി ആനന്ദജ്യോതി ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വയനാട് ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കണ്ണൂർ ഏരിയ (സിറ്റി), ശാന്തിഗിരി ആശ്രമം, വടകര ഏരിയ, ശാന്തിഗിരി ആശ്രമം, കോയമ്പത്തൂർ ഏരിയ (സിറ്റി) |
| സ്വാമി മനുചിത്ത് ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തലശ്ശേരി ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, മൈസൂർ ഏരിയ, ശാന്തിഗിരി ആശ്രമം, മംഗലാപുരം റീജിയൺ |
| സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) അഗ്രിക്കൾച്ചർ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, ആറ്റിങ്ങൽ ഏരിയ, (പൂജ കോഡിനേഷൻ) സ്പിരിചൽ സോൺ ഓപ്പറേഷൻസ്, (സർവീസസ്) ഓപ്പറേഷൻസ് |
| സ്വാമി പത്മപ്രകാശ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ന്യൂഡെൽഹി സോണൽ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, ഗുവാഹത്തി റീജിയൺ, ശാന്തിഗിരി ആശ്രമം, രാജസ്ഥാൻ റീജിയൺ |
| സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഫിനാൻസ്, അഡീഷണൽ ചാർജ് - ശാന്തിഗിരി ആയുർവേദ ആന്റ് സിദ്ധ വൈദ്യശാല, മാർക്കറ്റിംഗ്, ശാന്തിഗിരി ശാന്തിമഹിമ |
| സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി | പഠനം |
| സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, എറണാകുളം ഏരിയ (സിറ്റി) അഡീ ഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, ആലപ്പുഴ ഏരിയ (സിറ്റി) |

| | |
|---|---|
| സ്വാമി സായൂജ്യനാഥ് ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പത്തനംതിട്ട ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കരുനാഗപ്പള്ളി ഏരിയ, ശാന്തിഗിരി ആശ്രമം, മൂവാറ്റുപുഴ ഏരിയ |
| സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി വിശ്വ സാംസ്കാരിക നവോത്ഥാനകേന്ദ്രം, അഡീഷണൽ ചാർജ് - (വെൽഫെയർ സർവീസസ്), ഹ്യൂമൻ റിസോഴ്സസ്, ഇൻഡസ്ട്രീസ്, സെക്യൂരിറ്റി, ശാന്തി ഗിരി ആശ്രമം, തിരുവനന്തപുരം ഏരിയ (സിറ്റി) |
| സ്വാമി ഭാസുര ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഹരിപ്പാട് ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, പള്ളുരുത്തി ഏരിയ |
| സ്വാമി ഗുരുചന്ദ് ജ്ഞാനതപസ്വി | ഇൻചാർജ് (സർവീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |
| സ്വാമി ജനസ്നേഹജൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഗുരുദർശനം, സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |
| സ്വാമി ജ്യോതിർപ്രകാശ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ഓപ്പറേഷൻസ്, അഡീഷണൽ ചാർജ് -മെറ്റീരിയൽസ് മാനേജ്മെന്റ് |
| സ്വാമി വത്സലൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) കമ്യൂണിക്കേ ഷൻസ്, അഡീഷണൽ ചാർജ് -എനർജി ആന്റ് എൻവയേൺമെന്റ്, ശാന്തിഗിരി എൻ.എൻ. കമ്യൂണി ക്കേഷൻസ്, ശാന്തിഗിരി വിശ്വസംസ്കൃതി കലാ രംഗം, ശാന്തിഗിരി ആശ്രമം, നെയ്യാറ്റിൻകര ഏരിയ |
| സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) സേഫ്റ്റി, അഡീ ഷണൽ ചാർജ് -ക്വാളിറ്റി അഷ്വറൻസ്, ശാന്തിഗിരി ആശ്രമം, നെടുമങ്ങാട് ഏരിയ |
| സ്വാമി അർച്ചിത് ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കന്യാകുമാരി ഏരിയ |
| സ്വാമി മുക്തചിത്തൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, മധുരൈ റീജിയൺ |
| സ്വാമി ജനപുഷ്പൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കോഴിക്കോട് ഏരിയ (സിറ്റി), അഡീഷ ണൽ ചാർജ്- ശാന്തിഗിരി ആശ്രമം, കാസർകോട് ഏരിയ |
| സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൂക്കുപാലം ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കുമളി ഏരിയ |
| സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ചേർത്തല ഏരിയ, അഡീഷണൽ ചാർജ് - ശാന്തിഗിരി ആശ്രമം, കൊല്ലം ഏരിയ (സിറ്റി) |
| സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പാലക്കാട് ഏരിയ |
| ജനനി തേജസ്വി ജ്ഞാനതപസ്വിനി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഓലശേരി ബ്രാഞ്ച് |
| ഡോ. ജനനി ശ്യാമരൂപ ജ്ഞാനതപസ്വിനി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| ജനനി കൃപ ജ്ഞാനതപ സ്വിനി | പ്രിൻസിപ്പൽ, ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കൻഡറി സ്കൂൾ |
| ഡോ. ജനനി അനുകമ്പ ജ്ഞാനതപസ്വിനി | ഇൻചാർജ് (മെഡിക്കൽ സർവീസസ്) നവജ്യോതിശ്രീ കരുണാകരഗുരു റിസർച്ച് സെന്റർ ഫോർ ആയുർവേദ ആന്റ് സിദ്ധ |
| ഡോ. ജനനി രമ്യപ്രഭ ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്) ശാന്തിഗിരി ആശ്രമം, വള്ള്യായി ബ്രാഞ്ച് |
| ജനനി ശാന്തിപ്രഭ ജ്ഞാനതപസ്വിനി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഭഗിനി നികേതൻ |
| ജനനി കമലരൂപ ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്)സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |
| ജനനി പൗർണമി ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |
| ജനനി രേണുരൂപ ജ്ഞാനതപസ്വിനി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം |
| ജനനി സ്നേഹരൂപ ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |
| ജനനി നിത്യരൂപ ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്) ശാന്തിഗിരി മധുരം ബേക്കറി |
| ജനനി വിനയ ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്) കമ്യൂണിറ്റി കിച്ചൺ, അഡീഷണൽ ചാർജ്- (വെൽഫെയർ സർവീസസ്) ഹ്യൂമൻ റിസോഴ്സസ് |
| ജനനി പ്രമീള ജ്ഞാനതപസ്വിനി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഗുരുമഹിമ |
| ജനനി പ്രാർത്ഥന ജ്ഞാനതപസ്വിനി | ഇൻചാർജ് (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി മാതൃമണ്ഡലം |
| ജനനി ജഗദംബിക ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |
| ജനനി മംഗള ജ്ഞാനതപസ്വിനി | ഇൻചാർജ് (കോഡിനേഷൻ) ശാന്തിഗിരി സുഖംതരും പുടവ, അഡീഷണൽ ചാർജ് - വെജിറ്റബിൾ സ്റ്റാൾ ആന്റ് ഫുഡ് സർവീസസ് |
| ജനനി പത്മപ്രിയ ജ്ഞാനതപസ്വിനി | ഇൻചാർജ് (സർവീസസ്) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |

## ബ്രഹ്മചാരി ബ്രഹ്മചാരിണിമാർ - പുതിയ ചുമതല

| | |
|---|---|
| ഹരികൃഷ്ണൻ ജി. | കോഡിനേറ്റർ (ഓപ്പറേഷൻസ്) ശാന്തിഗിരി ആശ്രമം, കൊയിലാണ്ടി ഏരിയ |
| മനോജ് കുമാർ സി.പി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) സെക്യൂരിറ്റി, അഡീഷണൽ ചാർജ്- ശാന്തിഗിരി ആർക്കൈവ്സ് |
| ബിജുമോൻ പി.എം. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊല്ലം ഏരിയ (സിറ്റി) |
| ശ്രീജിത്ത് എം.വി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കൊട്ടാരക്കര ഏരിയ |
| നിബു വി.എസ്. | കോഡിനേറ്റർ, ജനറൽ അഡ്മിനിസ്ട്രേഷൻ |
| ബിജു കെ. | കോഡിനേറ്റർ (ഫുഡ് സർവീസസ്) |
| ഗിരീഷ് ഇ. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വടകര ബ്രാഞ്ച് |
| വിവേക് എസ്. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, പള്ളുരുത്തി ഏരിയ |
| അനൂപ് റ്റി.പി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വൈക്കം ഏരിയ |
| മനോജ് കുമാർ കെ.പി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കോട്ടയം ഏരിയ |
| മധുസൂദനൻ പി.പി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, വള്ള്യായി ബ്രാഞ്ച് |
| വിനോദ് കുമാർ പി.ആർ. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, കന്യാകുമാരി ബ്രാഞ്ച് |
| ഗോപികൃഷ്ണൻ യു.പി. | കോഡിനേറ്റർ (ഫുഡ് സർവീസസ്) കമ്യൂണിറ്റി കിച്ചൺ |
| രാജീവൻ ഒ.പി. | കോഡിനേറ്റർ (ഫുഡ് സർവീസസ്) സ്പിരിച്വൽ സോൺ റസിഡൻസ് ബ്ലോക്ക് 1 (സന്ന്യാസിസ് റെസിഡൻസ്) |
| രാജീവ് പി.എസ്. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ഹാന്റ്ലൂം ആന്റ് വീവിംഗ് ഇൻഡസ്ട്രി |
| ബാബു ഇ.ഒ. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ജന്മഗൃഹം- ശാന്തിഗിരി ആശ്രമം, ചന്ദിരൂർ ബ്രാഞ്ച് |
| സ്റ്റെഫാൻ ജോഹന്നാസ് സീഷെൽ | കോഡിനേറ്റർ (സ്പിരിച്വൽ സോൺ റിസപ്ഷൻ) |
| രാകേഷ് എം. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൂക്കുപാലം ബ്രാഞ്ച് |
| ബിനീഷ് എം. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ദർശനമന്ദിരം |
| മഹേഷ് പി.പി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, ഹരിപ്പാട് ബ്രാഞ്ച് |
| ദർശീൽ അനിൽ കുമാർ ഭട്ട് | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) മീഡിയ റിലേഷൻസ് |
| ജയചന്ദ്രൻ എൻ.പി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) സ്പിരിച്വൽ സോൺ റിസപ്ഷൻ, അഡീഷണൽ ചാർജ് - ടെക്നീഷ്യൻ, കംപ്യൂട്ടർ ഹാർഡ് വെയർ |
| ഡോ. റോസി നന്ദി | പഠനം |
| വത്സല കെ.വി. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ഫ്ളവേഴ്സ് ആന്റ് ഗാർലന്റ്സ് |
| ലിംഷ കെ. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ഓഫീസ് ഓഫ് ദി ഫിനാൻസ് സെക്രട്ടറി |
| അഞ്ജു എസ്. കെ. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ശാന്തിഗിരി ആശ്രമം, തൂക്കുപാലം ബ്രാഞ്ച് |
| സ്വയംപ്രഭ ബി.എസ്. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ), ശാന്തിഗിരി മധുരം ബേക്കറി |
| മംഗളവല്ലി സി.ബി. | കോഡിനേറ്റർ, ശാന്തിഗിരി ഭഗിനി നികേതൻ |
| ഷൈബി എ.എൻ. | കോഡിനേറ്റർ, ശാന്തിഗിരി ആശ്രമം, പാലാരിവട്ടം ബ്രാഞ്ച് |
| അനിത എസ്. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) സ്പിരിച്വൽ സോൺ ഓപ്പറേഷൻസ് |
| പ്രിയംവദ ആർ.എസ്. | കോഡിനേറ്റർ (അഡ്മിനിസ്ട്രേഷൻ) ഓഫീസ് ഓഫ് ദി ഡയറക്ടർ (കോഡിനേഷൻ) |
| സജിത പി.എസ്. | കോഡിനേറ്റർ (സ്പിരിച്വൽ സോൺ സർവീസസ്) |
| ജയപ്രിയ പി.വി. | കോഡിനേറ്റർ (സർവീസസ്) ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കൻഡറി സ്കൂൾ ഗേൾസ് ഹോസ്റ്റൽ |

## ദിവംഗതയായി



സരസ്വതിയമ്മ

**ചന്ദിരൂർ:** ആദരണീയ സ്വാമി മുക്തചിത്തൻ ജ്ഞാനതപസ്വി യുടെ മുത്തശ്ശി കിഴക്കേ മാർക്ക ണ്ഡേയത്ത് ദിവംഗതനായ കൃ ഷ്ണൻ നായരുടെ ഭാര്യ സര സ്വതിയമ്മ (89) ഒക്ടോബർ 10, തിങ്കളാഴ്ച ദിവംഗതയായി. സം സ്കാരം നടന്നു. മക്കൾ: കെ. രാഘവൻ നായർ, കെ. നാരായ ണൻ നായർ, കെ. പങ്കജാക്ഷൻ നായർ, ഓമന, ദിവംഗതനായ ചന്ദ്രൻകുട്ടി നായർ. മരുമക്കൾ: രാധാമണി, ഉഷ, രമാദേവി, ഗീ ത, ശശികുമാർ. ശാന്തിഗിരി മാ ർക്കറ്റിംഗ് ഡിപ്പാർട്ട്മെന്റിലെ ആർ. രവിരാജ്, ഫിനാൻസ് ഡി പ്പാർട്ട്മെന്റിലെ ആർ. രതീഷ് എന്നിവർ കൊച്ചുമക്കളാണ്. ഗുരുവിന്റെ ജന്മഗൃഹത്തിൽ എ ല്ലാ ദിവസവും രാവിലെ 4.30 ന് എത്തി പ്രാർത്ഥനയിൽ പങ്കെ ടുത്തിരുന്ന സരസ്വതിയമ്മ മര ണദിവസവുംആശ്രമത്തിലെ ത്തിയിരുന്നു.



ഒക്ടോബർ 12 ന് നടന്ന ഗുരുധർമ്മപ്രകാശസഭ മീറ്റിംഗിൽ സ്വാമി ചൈതന്യ ജ്ഞാനതപസ്വി സംസാരിക്കുന്നു

# പൗർണമി പ്രാർത്ഥനയ്ക്ക് ആയിരങ്ങൾ

**സ്പിരിച്വൽ സോൺ:** ഗുരുനാ മമന്ത്രങ്ങൾ നിറഞ്ഞു നിന്ന ഭ ക്തിനിർഭരമായ അന്തരീക്ഷത്തി ൽ ഒക്ടോബർ മാസത്തിലെ പൗ ർണമി സമുചിതമായി ആഘോ ഷിച്ചു. പൗർണമി പ്രാർത്ഥനയി ൽ പങ്കുചേരുന്നതിന് നൂറുകണ ക്കിന് ഗുരുഭക്തർ അതിരാവിലെ മുതൽ തന്നെ ആശ്രമത്തിൽ എ ത്തിച്ചേർന്നിരുന്നു.

പൗർണ്ണമി പ്രാർത്ഥനയുടെ ഫലം, മറ്റൊന്നുകൊണ്ടും ചുരു ക്കാൻ കഴിയാത്തവിധം അതി ശ്രേഷ്ഠമാണ് എന്ന് ഗുരു എടു ത്തു പറഞ്ഞിട്ടുള്ളതാണ്. ഗുരു വാണിയിൽ നാം ഇപ്രകാരം വാ യിക്കുന്നു. “പല ജന്മങ്ങളിലെ ഉ ദ്ദേശ്യശുദ്ധി അറിഞ്ഞ്,അതിനെ പ്രവർത്തിച്ച പൂർത്തിയാക്കാൻ കഴിയുന്നത് പൗർണമിയിലാണ്. പൗർണമിവ്രതം മറ്റെല്ലാ വ്രതങ്ങ ളുടെയും ഗുണം ഒരുമിച്ച് ചെ യ്യും. ഈ വ്രതഗുണങ്ങളെല്ലാം അനുഷ്ഠിച്ച് ഗുരുവാകാം. ആ ഗുരുവിന് മുക്തി ലഭിക്കുന്നതും പൗർണമിയിലാണ്. ഇത് ആത്മീ യം. ലൗകികത്തിനും ഇതുപോ ലെപൂർണത കൈവരിക്കാൻ ഉ തകുന്ന ഒന്നാണ് പൗർണമി.ഇ രുട്ട് അല്പം പോലും വ്യാപിക്കു ന്നില്ല എന്നതാണ് പൗർണമിയു ടെ വിശേഷത. ഒരു ഭാഗത്ത് ആ നന്ദവും കുളിർമയും; മറുഭാഗ ത്ത് എന്തിനെയും പിടിച്ചെടുക്കാ ൻ കഴിയുന്ന ഗുണം. കുളിർമയി ൽ വിത്തുകൾക്ക് കൂടുതൽ ഗു ണം സിദ്ധിക്കുന്നു. ജനിപ്പിക്കാ നും അതിനെ നിലനിർത്താനും കഴിവുള്ളതാണു ഗുണം.

അനവധി ജന്മങ്ങളിലൂടെ പുണ്യാംശം സമ്പാദിച്ച് സമാധി യായാൽ ആ സമാധിക്ക് പൂർണ തയുണ്ട്. പൗർണമിയിൽ അന്ത രീക്ഷം ശാന്തമാണ്. ഉദയാസ്ത മയങ്ങൾക്കു തമ്മിൽ അകലമി ല്ല. ഒന്ന് ഉദിക്കുമ്പോൾ ഒന്ന് അ സ്തമിക്കുന്നു. ഒന്ന് അസ്തമി ക്കുമ്പോൾ ഒന്ന് ഉദിക്കുന്നു. സൂ ര്യന്റെയും, ചന്ദ്രന്റെയും കിരണ ങ്ങൾ എവിടെയെല്ലാം പതിക്കു ന്നുവോ അവിടെയെല്ലാം മേൽ പറഞ്ഞ ഗുണങ്ങളും പ്രവേശി ക്കുന്നു. ഗുരുവിനെ ഈശ്വരനാ യും, ബ്രഹ്മമായും പൂർണതയി ലെത്താൻ പൗർണമി വ്രതം സ ഹായിക്കുന്നു. പൗർണമി പ്രാർ ത്ഥനയുടെ ഗുണത്തെക്കുറിച്ച് ചിന്തിച്ചാലും ഇല്ലെങ്കിലും എല്ലാ ചരാചരങ്ങൾക്കും ഗുണം കിട്ട ത്തക്കവിധത്തിൽ ഞങ്ങളുടെ ദോഷങ്ങളെല്ലാം നശിച്ച് നന്മ യും തിന്മയും വേർതിരിച്ച് ലോ കശാന്തിക്ക് ഉതകുന്ന വിധത്തി ൽ ഞങ്ങളുടെ ഈ പ്രാർത്ഥന യ്ക്ക് ഗുണം ഉണ്ടാകണമേ എ ന്നു സങ്കല്പിക്കണം. ഗ്രഹങ്ങ ൾക്ക് സന്തുലിതാവസ്ഥയുണ്ടാ വുകയും അതിലൂടെ ലോക ന ന്മയ്ക്കുതകുന്ന പ്രത്യേക ശക്തി വിശേഷം ഉണ്ടാവുകയും ചെ യ്യും. ഉല്പത്തിക്കും ലയത്തിനും ഏറ്റവും പറ്റിയ ദിവസമാണ് പൗ ർണ്ണമി. ഉല്പത്തിയാകട്ടെ, ലോ കത്തിനു മൊത്തം ഗുണം ചെ യ്യുന്നതുമായിരിക്കും താനും. ഒരു മാമ്പൂവിൽ ഈ അവസ്ഥ ഭാവ നയിൽ കാണുമ്പോലെ തന്നെ മനുഷ്യനിലും അതു പ്രവർത്തി ക്കുന്നു. ആത്മീയവും ഭൗതിക വും പരസ്പരം പൂരകങ്ങളാണെ ങ്കിലും നാം എന്തിനു മുൻതൂക്കം കൊടുക്കുന്നുവോ അതായിരി ക്കും വളരുക. പൗർണമിക്ക് കു ഞ്ഞുജനിക്കുന്ന മാതാവ് ബോ ധവതിയായിരിക്കണം. ഇതു ലോ കത്തിനു വേണ്ടിയാണെന്നും ഈശ്വരങ്കൽ നിന്നും ഇങ്ങനെ കല്പിച്ചു തന്നതാണെന്നും അ വളറിയണം.” ഗുരുദർശനത്തിനും ഗുരുപാദവന്ദനത്തിനും രാത്രിയി ലെ കുംഭ-ദീപ പ്രദക്ഷിണങ്ങളി ൽ പങ്കെടുക്കുന്നതിനും ആത്മ ബന്ധുക്കളുടെ വലിയ നിര ത ന്നെ ഉണ്ടായിരുന്നു. സന്ന്യാസി സന്ന്യാസിനിമാർ പ്രദക്ഷിണത്തി ന് നേതൃത്വം നല്കി.

## അനുസ്മരണം

### സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

# കുറൂരമ്മയെപ്പോലെ ഒരമ്മ

ഒരു പുണ്യജന്മം എന്നു വിശേഷിപ്പിക്കാവുന്ന സവിശേഷതകൾ നിറഞ്ഞുനിന്ന ഒരു മാതാവായിരുന്നു ചന്ദിരൂർ അമ്മ എന്നു വി ളിക്കപ്പെടുന്ന മാർക്കണ്ഡേഴത്തു ശ്രീമതി സരസ്വതിയമ്മ. കുട്ടി ക്കാലത്തു കേട്ട കുറൂരമ്മയെയാണ് പലപ്പോഴും ചന്ദിരൂർ അമ്മ യെ കാണുമ്പോൾ ഓർമ്മ വന്നിരുന്നത്. ചെറുപ്രായത്തിൽ ഞ ങ്ങൾ കുട്ടികൾ ചന്ദിരൂരിൽ ഗുരുവിന്റെ ജന്മഗൃഹത്തിൽ കർമ്മം ചെയ്യാനായി എത്തുമ്പോൾ എന്നും ചിരിക്കുന്ന മുഖവുമായി നി റഞ്ഞ വാത്സല്യത്തോടെ ഞങ്ങൾക്ക് വിശക്കുമ്പോൾ ആഹാരം കൊണ്ടുവന്ന് തന്നിരുന്നത് അമ്മയായിരുന്നു. ജാതീയത കൊടി കുത്തിവാഴുന്ന ആദ്യകാലങ്ങളിൽ മേൽജാതിക്കാരായ പലരും ആശ്രമത്തെ പിൻപറ്റാതെ അകന്നു നില്ക്കുന്ന കാലഘട്ടത്തി ലാണ് ചന്ദിരൂരിലെ മാർക്കണ്ഡേഴത്തു കുടുംബത്തിലെ രാഘ വൻ നായർ ആശ്രമത്തിലെത്തി ഗുരുവിനെ ദർശിക്കുന്നത്. പി ന്നീട് മാതാവു സരസ്വതിയമ്മയും മറ്റ് കുടുംബാംഗങ്ങളുമെല്ലാം ഗുരുവിനെ ദർശിച്ചു. ആശ്രമത്തിൽ വന്നതിനുശേഷം ജാതീയ മായ കാഴ്ചപ്പാടിലൂടെയുള്ള ഒരു ചിന്തയോ പ്രവൃത്തിയോ അമ്മ യിൽ നിന്നും ഒരിക്കൽപോലും ഉണ്ടായിട്ടില്ല. മാർക്കണ്ഡേഴത്തു കുടുംബത്തിൽ എല്ലാവർക്കും സർവസ്വാതന്ത്ര്യവുമുണ്ടായിരു ന്നു. ഗുരുവിന്റെ ജന്മഗൃഹത്തിൽ താമസിക്കുവാൻ സൗകര്യങ്ങ ളില്ലാത്തതിനാൽ ചന്ദിരൂരിലെത്തുന്ന ഗുരുഭക്തർ താമസിച്ചിരു ന്നത് മാർക്കണ്ഡേഴത്ത് വീട്ടിലായിരുന്നു. വരുന്ന എല്ലാവരെയും നിറഞ്ഞ സ്നേഹത്തോടെ സ്വീകരിക്കുവാൻ അമ്മ തയ്യാറായി. വെളുപ്പിന് ബ്രഹ്മയാമത്തിലുണർന്ന് കുളിച്ച് ജന്മഗൃഹത്തിലെ ത്തി പ്രാർത്ഥനയിൽ പങ്കെടുക്കും. ശേഷം ആശ്രമത്തിലെ എല്ലാ കർമ്മങ്ങളിലും അതീവശ്രദ്ധയോടെ ഇടപെടും. കൃത്യനിഷ്ഠയോ ടെ രാവിലെ അഞ്ചു മണിമുതൽ രാത്രി 9 മണി വരെയുള്ള ആ രാധനകളിൽ പങ്കെടുക്കും. സദാസമയവും പ്രാർത്ഥനയോടെ നടക്കുന്ന അമ്മയുടെ നാവിൽ നിന്നും ഇന്നേവരെ മറ്റൊരാളുടെ കുറ്റവും കുറവും പറഞ്ഞുകേട്ടിട്ടില്ല എന്നതും സവിശേഷതയാ ണ്. തന്റെ കുടുംബത്തിൽ നിന്ന് ഒരു കുഞ്ഞെങ്കിലും സന്ന്യാസി യായി മാറണമെന്നത് അമ്മയുടെ ആഗ്രഹമായിരുന്നു. അമ്മയു ടെ പ്രാർത്ഥനയുടെ സാഫല്യം പോലെ ചെറുമകൻ ആദരണീ യ സ്വാമി മുക്തചിത്തൻ ജ്ഞാനതപസ്വിയായി ഗുരുധർമ്മപ്രകാ ശസഭയിൽ അംഗമായി. പ്രായാധിക്യംമൂലം അതിരാവിലെയുള്ള ആരാധനയ്ക്ക് എത്തിച്ചേരാവാത്തതിന്റെ വിഷമം ഒരിക്കൽ അ ഭിവന്ദ്യ ശിഷ്യപൂജിതയുടെ സമക്ഷം ഉണർത്തിച്ചപ്പോൾ ശിഷ്യ പൂജിത അമ്മയോട് പറഞ്ഞു, ഇത്രയൊക്കെ ചെയ്തില്ലേ. ഇനി അമ്മയ്ക്ക് ആകാവുന്ന രീതിയിൽ എന്തെങ്കിലും ചെയ്താൽ മതി. ഗുരുവിന്റെ പ്രാർത്ഥന കേൾക്കുന്ന മണ്ണിൽ കിടന്ന് ആരെ യും ബുദ്ധിമുട്ടിക്കാതെ ഈ ജീവിതം അവസാനിപ്പിക്കണം എന്ന അമ്മയുടെ ആഗ്രഹം പോലെ ഇക്കഴിഞ്ഞ ഒക്ടോബർ 10ന് അമ്മ ദിവംഗതയായി. പ്രഭാതത്തിലെ ആരാധന കഴിഞ്ഞ് വീട്ടിലെത്തി ഗുരുവിന്റെ ജീവചരിത്ര ഗ്രന്ഥം വായിച്ചുകൊണ്ടാണ് ആ ധന്യ മാതാവ് ഇഹലോകവാസം വെടിഞ്ഞത്. ആ വന്ദ്യമാതാവിന്റെ ജീവന് എന്തെല്ലാം നന്മയാണോ ഉതകിക്കിട്ടേണ്ടത് അതു കിട്ടേ ണമെയെന്ന് പ്രാർത്ഥിക്കുകയും സ്മരിക്കുകയും ചെയ്യുന്നു.

# ആർ. രാധാകൃഷ്ണന് അനുമോദനം

**സ്പിരിച്വൽ സോൺ:** സന്ന്യാ സദീക്ഷാ വാർഷികദിനത്തിൽ കണ്ണൂരിൽ നിന്നെത്തിയ ഗുരു ഭക്തയുടെ ഇരുപതിനായിരം രൂപ വിലവരുന്ന മൊബൈൽ ഫോണും പഴ്സും നഷ്ടപ്പെട്ട ത് കണ്ടെത്തി തിരികെ നല്കു ന്നതിന് സഹായിച്ച സ്പിരിച്വ ൽ സോൺ റിസപ്ഷനിലെ മാ നേജർ ആർ. രാധാകൃഷ്ണനെ ആശ്രമം ഓർഗനൈസിംഗ് സെ ക്രട്ടറി സ്വാമി ഗുരുരത്നംജ്ഞാ നതപസ്വി അനുമോദിച്ചു. ജന ത്തിരക്കുള്ള ദിവസം പണവും മൊബൈലും അടങ്ങിയ പഴ്സ് ആശ്രമത്തിൽ വച്ചു നഷ്ടപ്പെ ട്ടത് ഏറെ ആശങ്കയ്ക്കിടയാക്കി യിരുന്നു. പരാതിയെ തുടർന്ന് ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ ചുമതലയു ള്ള സ്വാമി ഗുരുസവിധ് ജ്ഞാ നതപസ്വി നഷ്ടപരിഹാരമായി ഇരുപതിനായിരം രൂപ ആശ്രമ ത്തിൽ നിന്നും നല്കാമെന്ന് സ മ്മതിക്കുകയും ചെയ്തിരുന്നു. പിന്നീട് മാനേജർ ആർ. രാധാ



ആർ. രാധാകൃഷ്ണൻ

കൃഷ്ണന്റെ നേതൃത്വത്തിൽ അ ന്നത്തെ സി.സി റ്റി.വി. ദൃശ്യങ്ങ ൾ പരിശോധിച്ചപ്പോഴാണ് നിജ സ്ഥിതി വ്യക്തമായത്. പഴ്സ് പരാതിക്കാരിയായ സ്ത്രീ തന്നെ മറന്നു വച്ചു പോയതായിരുന്നു. ഇക്കാര്യം അവരെ നേരിട്ട് വിളി ച്ച് ബോധ്യപ്പെടുത്തുകയും അ വർ സമ്മതിക്കുകയും ചെയ്തു. ജനറൽ അഡ്മിനിസ്ട്രേഷൻഡി പ്പാർട്ട്മെന്റിൽ സേവനം ചെയ്യു ന്ന എല്ലാവരും തങ്ങളുടെ സഹ പ്രവർത്തകന്റെ കർമ്മനിപുണ തയെ പ്രശംസിക്കുകയുണ്ടായി.

## ബഹുഭാഷാ സുവനീർ

**ഹെൽത്ത്കെയർ സോൺ:** ബ ഹുഭാഷാ നവപൂജിതം സുവനീ ർസന്ന്യാസദീക്ഷാ വാർഷികദി നത്തിൽ പുറത്തിറങ്ങി. ഇംഗ്ലീ ഷ്, ഹിന്ദി, തമിഴ്, കന്നട ഭാഷ കളിലുള്ള ലേഖനങ്ങളും കുറി പ്പുകളും സുവനീറിൽ ഉൾപ്പെടു ത്തിയിട്ടുണ്ട്. 70 രൂപയാണ് മുഖ വില. പബ്ലിക്കേഷൻസ് കൗണ്ട റുകളിൽ നിന്നും സുവനീർ വാ ങ്ങാവുന്നതാണ്. നവംബർ മാ സത്തിലെ ശാന്തിഗിരി ആദ്ധ്യാ ത്മിക മാസികയും ആരോഗ്യപ ത്മം ആരോഗ്യമാസികയും ഇ പ്പോൾ വിപണിയിൽ ലഭ്യമാണ്.



സന്ന്യാസദീക്ഷാ വാർഷിക സമ്മേളനം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു



സന്ന്യാസിമാർക്കുള്ള ഉപഹാരസമർപ്പണം

# ഞാനെന്നും എന്റേതെന്നുമുള്ള ചിന്ത കൈയൊഴിയുന്നത് സന്ന്യാസം: സ്വാമി സന്ദീപാനന്ദഗിരി

**സ്പിരിച്വൽ സോൺ:** ഞാനെന്ന ബോധത്തെ തിരസ്കരിക്കുമ്പോഴേ യഥാർത്ഥ സന്ന്യാസഭാവം കൈവരിക്കാൻ കഴിയുകയുള്ളൂ എന്ന് സ്വാമി സന്ദീപാനന്ദഗിരി. ശാന്തിഗിരി ആശ്രമത്തിൽ സന്ന്യാസത്തിന്റെ ധർമം എന്ന വിഷയത്തിൽ നടന്നുവരുന്ന പ്രഭാഷണ പരമ്പരയിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു സ്വാമി.



ഒക്ടോബർ 9 ന് നടന്ന സത്സംഗത്തിൽ സ്വാമി സന്ദീപാനന്ദഗിരി സംസാരിക്കുന്നു

സന്ന്യാസി ലോകത്തിൽ ജീവിച്ചുകൊണ്ടുതന്നെ ലോകത്തിന്റേതല്ലാതെ നിലകൊള്ളുന്നു, ചെളിയിൽ നിന്നുയർന്നു നില്ക്കുന്ന താമരപ്പൂവിനെപ്പോലെ. ജ്ഞാനവും തപസുമാണ് യഥാർത്ഥ സന്ന്യാസിയുടെ ലക്ഷണം. ഈശ്വരനല്ലാതെ ഇവിടെ മറ്റൊന്നില്ല എന്നറിയുന്നവനാണ് ജ്ഞാനി. ലോകത്ത് നമുക്കനുവദിച്ച സമയം അല്പമാത്രമാണെങ്കിലും അത് ജ്വലിക്കുന്നതാണ് ശ്രേയസ്കരം എന്ന് വിവേകാനന്ദ സ്വാമികൾ പറയാറുണ്ടായിരുന്നു. സുഖത്തിലും ദു:ഖത്തിലും ഇളകാത്ത സ്ഥിതപ്രജ്ഞനാവണം സന്ന്യാസി. ഈശ്വരചിന്തയാൽ ഉണ്ടാകുന്ന ജാഗ്രതയാണ് സന്ന്യാസിയെമഹിമപ്പെടുത്തുന്നതെന്നും സ്വാമി സന്ദീപാനന്ദഗിരി ചൂണ്ടിക്കാട്ടി.

ശാന്തിഗിരി ആശ്രമം പ്രസിഡന്റ് സ്വാമി സത്യപ്രകാശജ്ഞാനതപസ്വി, ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി, സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി, സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ഡോ.എസ്. എസ്.ഉണ്ണി തുടങ്ങിയവർ സംബന്ധിച്ചു.



സന്ന്യാസദീക്ഷാവാർഷികദിനത്തിൽ നടന്ന വിദ്യാരംഭ ചടങ്ങ്



ഡോ. വെള്ളായണി അർജുനനെ ആദരിക്കുന്നു



തീർത്ഥയാത്രാ ഫോട്ടോ ആൽബം പ്രകാശനം



ഇൻഷുറൻസ് പ്രീമിയം അപേക്ഷാ ഫോറം കൈമാറുന്നു

# വിദ്യാർത്ഥികൾക്ക് വഴികാട്ടാൻ 'മാർഗദീപം' പദ്ധതി

**സ്പിരിച്വൽ സോൺ:** വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനും തൊഴിൽ വിദ്യാഭ്യാസത്തിനും വഴികാട്ടുന്നതിനായി ശാന്തിഗിരി വിദ്യാഭവന്റെ ആഭിമുഖ്യത്തിൽ 'മാർഗ്ഗദീപം' പദ്ധതിക്ക് തുടക്കം കുറിക്കുന്നു. ഈ പദ്ധതി വഴി ഹൈസ്കൂൾ – ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥികൾക്ക് തുടർപഠനത്തിനും ഭാവി ആസൂത്രണം ചെയ്യുന്നതിനും വേണ്ടി വിവിധ പരിപാടികളാണ് ഒരുക്കിയിട്ടുള്ളത്. വിദ്യാഭ്യാസ വിദഗ്ധർ, തൊഴിൽ പരിശീലകർ തുടങ്ങി വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചാണ് പദ്ധതി നടത്തുന്നത്.

ദിശാബോധമില്ലാതെ പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കുന്നതും കഴിവിനനുസരിച്ച് കോഴ്സുകൾ നേടാത്തതും സാക്ഷര കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഇന്നും സങ്കീർണ്ണമായ പ്രശ്നങ്ങളാണ്.

ഇതിനൊരു പരിഹാരമായാണ് മാർഗ്ഗദീപം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം ഉടൻ തന്നെ നടക്കുന്നതാണ്.

# സമഗ്ര ആരോഗ്യ ഇൻഷുറൻസ്

**റിസർച്ച് സോൺ:** സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയ്ക്കുള്ള ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം പ്രവർത്തകരുടെ അപേക്ഷാ ഫോം കൈമാറി. സന്ന്യാസദീക്ഷാവാർഷിക സമ്മേളനത്തിൽ വച്ച് മന്ത്രി കടകംപള്ളി സുരേന്ദ്രനാണ് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് ആറ്റിങ്ങൽ ബ്രാഞ്ച് മാനേജർ ആർ. പ്രേം രാജിന് അപേക്ഷാ ഫോറം കൈമാറിയത്. എല്ലാവർക്കും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഈ പദ്ധതി വഴി ഒരു വർഷം 50000 രൂപ വരെ ചികിത്സാ ചെലവിനായി ലഭിക്കുന്നതാണ്. ആയിരം രൂപയാണ് പ്രീമിയം തുക. കൂടുതൽ വിവരങ്ങൾക്കായി ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘം ഓഫീസുമായോ ഗ്രാമപഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.



'ജന്മാന്തരങ്ങൾ' നാടകത്തിൽ നിന്ന്

ഗുരുചരണം ശരണം

പ്രാർത്ഥനയോടെ
ശിവരാജൻ പി.ബി.



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala